## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1296 20-01-2014 -ൽ മറുപടിക്ക്

## കാലവർഷക്കെടുതികൾ മൂലം ഉണ്ടാകുന്ന നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | കാലവർഷക്കെടുതികൾ മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും പരിഹാരം നേടിയെടുക്കുന്നതിൽ സർക്കാർ വിജയിച്ചിട്ടു ണ്ടോ; ഒടുവിലത്തെ കാലവർഷക്കെടുതികളെക്കുറിച്ച് പഠിക്കുന്ന തിന് സംസ്ഥാനത്തെത്തിയ കേന്ദ്രസംഘം ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി; കാലവർഷക്കെടുതി മൂലം ഉണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടം ആകെയെത്രയാണ് ; | എ) | ഉണ്ട്. ഒടുവിലത്തെ കാലവർഷക്കെടുതികളെക്കുറിച്ച് പഠിക്കുന്നതിനായിട്ട് വന്ന കേന്ദ്ര സംഘം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകൾ സന്ദർശിച്ചു. കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടപ്രകാരം 887.8596614 കോടി രൂപയുടെ നഷ്ടം വിവിധ മേഖലകളിലായി സംസ്ഥാനത്തുണ്ടായിട്ടുണ്ട്. |
| ബി) | കേന്ദ്ര സഹായത്തിന് സംസ്ഥാനം അഭ്യർത്ഥിക്കുകയുണ്ടായോ; എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു; 2011–12 , 2012–13 വർഷങ്ങളിൽ കണക്കാക്കപ്പെട്ട നഷ്ടം എത്രയായിരുന്നു; ലഭിച്ച കേന്ദ്ര സഹായം എത്രയായിരുന്നു; | ബി) | 2013-14 സാമ്പത്തികവർഷം മഴക്കെടുതികൾക്കുള്ള അധിക കേന്ദ്ര സഹായത്തിനായി സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ട്. അത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. 2011-12 സാമ്പത്തിക വർഷം മഴക്കെടുതികൾ മൂലം 2420.394 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. അതിൻപ്രകാരം കേന്ദ്ര ധന സഹായമായി 109.69 കോടി രൂപ ടി സാമ്പത്തികവർഷം ലഭ്യമായിരുന്നു. 2012-13 സാമ്പത്തികവർഷത്തിൽ മഴക്കെടുതികളിൽ 76.1966 കോടിയുടെ നഷ്ടമുണ്ടാകുകയും അതിനുള്ള കേന്ദ്ര സഹായമായി 15.96 കോടി രൂപ ലഭ്യമാകുകയും ചെയ്തു. |

| | | | |
|---|---|---|---|
| സി) | കെടുതിയിലുണ്ടായ നാശനഷ്ടങ്ങളുടെ സ്വഭാവം വിശദമാക്കാമോ; മരണമടഞ്ഞവരെത്ര; എത്ര ഏക്കറിന്റെ കൃഷി നാശം ഉണ്ടായി; എത്ര വീടുകൾ തകർന്നു പോയി ; | സി) | 2013 ജൂൺ മുതൽ കേരളത്തിൽ ഉണ്ടായ കാലവർഷക്കെടുതികളിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ജീവഹാനിയും അപകടവും സംഭവിക്കുകയും വ്യാപകമായി കൃഷിനാശം ഉണ്ടാകുകയും വീടുകൾ തകരുകയും ചെയ്തിരുന്നു. കൂടാതെ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നീ കെടുതികൾ കൂടുതലായിരുന്നു. അന്നത്തെ കാലവർഷക്കെടുതികളിൽ ആകെ 198 പേർക്ക് ജീവഹാനി സംഭവിക്കുകയും 27182 ഏക്കർ ഭൂമിയിൽ കൃഷി നാശം ഉണ്ടാകുകയും 26694 വീടുകൾ തകരുകയും ചെയ്തു. |
| ഡി) | മഴക്കെടുതികൾ നേരിടുന്നതിന് ജില്ലകൾക്ക് അനുവദിച്ച തുകയും ഇതിനകം ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ? | ഡി) | മഴക്കെടുതികൾ നേരിടുന്നതിന് 2013-14 സാമ്പത്തിക വർഷം ഓരോ ജില്ലകൾക്കും അനുവദിച്ച തുകയും ആകെ ചെലവഴിച്ച തുകയും ചുവടെ പട്ടികയിൽ ചേർക്കുന്നു. |

| ജില്ല | അനുവദിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 10,12,50,000 | 9,16,16,532 |
| കൊല്ലം | 7,93,18,707 | 7,50,72,894 |
| പത്തനംതിട്ട | 3,65,13,040 | 1,40,00,000 |
| ആലപ്പുഴ | 33,16,13,829 | 17,19,21,415 |
| കോട്ടയം | 12,82,50,429 | 12,90,80,626 |
| ഇടുക്കി | 15,92,50,000 | 12,72,38,275 |
| എറണാകുളം | 14,41,50,000 | 13,48,00,687 |
| തൃശ്ശൂർ | 4,38,00,000 | 3,59,67,603 |
| പാലക്കാട് | 7,63,76,463 | 7,07,85,154 |
| മലപ്പുറം | 16,71,36,261 | 13,99,05,280 |
| കോഴിക്കോട് | 10,80,14,008 | 9,78,87,130 |
| വയനാട് | 9,81,00,000 | 5,44,14,731 |
| കണ്ണൂർ | 10,26,00,000 | 8,68,35,124 |
| കാസർഗോഡ് | 1,53,00,000 | 1,35,76,522 |

സെക്ഷൻ ഓഫീസർ